# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമത</u>

212 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ആധുനിക കുറ്റാന്വേഷണ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റാന്വേഷണവും, നിയമസമാധാനപാലനവും വേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ, ഇതിനുളള എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ക്രമസമാധാനപാലനത്തിന് ദേശീയ തലത്തിൽ അംഗീകാരം

213 ശ്രീ. ജോസഫ് വാഴക്കൻ
'' അൻവർ സാദത്ത്
'' ഹൈബി ഈഡൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന് 2012 ൽ ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം അംഗീകാരങ്ങളാണ് ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) മുൻ വർഷങ്ങളിൽ നിന്നും ഇക്കാര്യത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

കടലതിർത്തി പ്രദേശങ്ങൾക്കായുള്ള സുരക്ഷാ സംവിധാനം

214

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് എത്ര കിലോമീറ്റർ കടൽ അതിർത്തിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭീകരവാദ ഭീഷണി നേരിടുന്ന കേരളത്തിലെ കടലതിർത്തി പ്രദേശങ്ങൾ ഏതെല്ലാമെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കടൽ കടന്നുവരുന്ന ഭീകരവാദഭീഷണിയെ നേരിടാൻ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത ഭീഷണി ചെറുക്കുന്നതിനായി സംസ്ഥാനത്തെ സുരക്ഷാ സംവിധാനം ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പുതിയ സാഹചര്യങ്ങൾ നേരിടുന്നതിനായി കോസ്റ്റ് ഗാർഡിന്റെ പരിശീലനത്തിൽ എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

**നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മിഷണറേറ്റ് സ്ഥാപിക്കുന്നതിന് നടപടി**

215 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മിഷണറേറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) ഈ സംവിധാനം വഴി പോലീസ് കമ്മീഷണർമാർക്ക് വിപുലമായ എന്തെല്ലാം അധികാരങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി</u>

216 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പോളിസി നടപ്പാക്കി തുടങ്ങിയോ; എങ്കിൽ എത്ര കുറ്റ കൃത്യങ്ങളെ സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം വിവരങ്ങൾ ലഭിച്ചതിന് പ്രതിഫലം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ; ഏതെല്ലാം കേസ്സുകൾ തെളിയിച്ചതിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ സേവനാവകാശനിയമം</u>

217 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേവനാവകാശനിയമം നടപ്പാക്കുന്ന പരിപാടിക്കു തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനാവകാശങ്ങളാണ് പ്രസ്തുത നിയമം വഴി പൊതുജനങ്ങൾക്കു ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനെ സംബന്ധിച്ചു വേണ്ടത്ര പ്രചരണം നൽകുവാൻ നടപടിയെടുക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വർഗ്ഗീയ ശക്തികൾക്കെതിരെ നടപടി</u>

218 ശ്രീ. സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയമായോ, ആശയപരമായോ വിഭിന്നാഭിപ്രായം പ്രകടിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ശാരീരികമായി ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവണത ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാധീനശക്തിയുടെ പിൻബലത്തിൽ അത്തരം സംഭവങ്ങളിൽ യഥാർത്ഥ പ്രതികളെ ഒഴിവാക്കി നിരപരാധികളെ പ്രതികളാക്കാൻ അവസരമൊരുക്കിയ ശേഷം അവരുടെ സംരക്ഷണത്തിനെന്ന പേരിൽ നിയമസഹായവും, സാമ്പത്തിക സഹായവും നൽകി സ്വാധീനിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) രഹസ്യമായി വർഗ്ഗീയവികാരം ഇളക്കിവിട്ട് സംഘർഷമുണ്ടാക്കുകയും, ഒരു വിഭാഗത്തിന്റെ സംരക്ഷകരായി രംഗത്തുവരുകയും ചെയ്യുന്ന സംഭവങ്ങൾ പുറത്തുവന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുകയും, ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം നടത്തുകയും ചെയ്യുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് ഭീഷണി</u>

219 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് ഭീഷണി</u>

220

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാവോയിസ്റ്റ് ഭീഷണിയുണ്ടെന്ന് ഏതെങ്കിലും സർക്കാർ അന്വേഷണ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ മലബാർ മേഖലയിൽ മാവോയിസ്റ്റുകൾക്കായി വ്യാപകമായ തിരച്ചിൽ നടത്തിയത്; വിശദമാക്കാമോ;

(സി) ഇതിന് നേതൃത്വം നൽകിയത് ആരാണ്; ഏതൊക്കെ സൈനിക / പോലീസ് വിഭാഗങ്ങളെയാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്;

(ഡി) തെരച്ചിലിനെ തുടർന്ന് എത്ര മാവോയിസ്റ്റുകളെ അറസ്റ്റു ചെയ്യാനായിട്ടുണ്ട്; എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ഇപ്പോൾ അന്വേഷണം ഏതു ഘട്ടത്തിലാണ്; അന്വേഷണം നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

**<u>പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കൽ</u>**

221

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ള പോലീസ് സ്റ്റേഷനുകളിൽകൂടി 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്നത്തേക്ക് ആയത് നടപ്പിലാക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>രാത്രിയിൽ പോസ്റ്റുമോർട്ടം നടത്തുന്നത് സംബന്ധിച്ച നടപടികൾ</u>

222 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രി പോസ്റ്റുമോർട്ടം നടത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ദിവസങ്ങളോളം സർക്കാർ ആശുപത്രിയിൽ ചികിത്സ നടത്തിയശേഷം മരണകാരണം നേരത്തെതന്നെ ഡോക്ടർമാർ സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിലും ഹൃദയസ്തംഭനം മുതലായവ സംഭവിക്കുന്ന സന്ദർഭങ്ങളിലും പോസ്റ്റ്മോർട്ടം ഒഴിവാക്കാൻ പോലീസും മെഡിക്കൽ ഓഫീസറും ചേർന്നുള്ള ഒരു സംവിധാനം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ലാവ്‌ലിൻ കേസ് അന്വേഷണം

223 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിപ്പട്ടികയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നത്;

(സി) ഈ കേസ് സംബന്ധിച്ച് വിചാരണ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചതിനെതിരെ നടപടി</u>

224 ശ്രീ. കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ക്രിമിനൽ കുറ്റങ്ങൾ

225 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് 2012-ൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓരോരുത്തരുടെയും റാങ്ക് അനുസരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര പേരെയാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത്;

(ഡി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര;

(ഇ) അവരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിൽ സ്വഭാവദൂഷ്യത്തിന് ശിക്ഷിക്കപ്പെട്ടവരുടെ വിവരം</u>

226 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ സ്വഭാവദൂഷ്യത്തിനോ മറ്റുകുറ്റകൃത്യങ്ങളുടെ പേരിലോ അച്ചടക്ക നടപടിയ്ക്ക് വിധേയരായ പോലീസുകാരുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ പിരിച്ചുവിടപ്പെട്ടവരെത്ര ; സസ്പെൻഷന് വിധേയമായവരെത്ര ; സ്ഥലം മാറ്റിയവരെത്ര ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## ഒളിപ്പോരാളികളെ നേരിടുന്നതിനുള്ള പരിശീലനം

227 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ വനത്തിൽ, ഒളിപ്പോരാളികളെയും മറ്റും നേരിടുന്നതിനുള്ള ജംഗിൾ പരിശീലനം പോലീസ് സേനയിലുള്ളവർക്ക് നൽകുകയുണ്ടായോ;

(ബി) ട്രെയിനികളുടെ പരിശീലനം നടന്നത് എന്നായിരുന്നു; സമാപന ചടങ്ങിനോടനുബന്ധിച്ച് നടന്ന അഭ്യാസങ്ങൾക്കിടയിൽ ഏതെങ്കിലും ട്രെയിനി ആർക്കെങ്കിലും നേരെ തോക്ക് ചൂണ്ടുകയുണ്ടായോ; വിശദമാക്കാമോ;

(സി) തോക്കു ചൂണ്ടിയ സംഭവത്തെ തുടർന്ന് സമാപന ചടങ്ങിൽ പങ്കെടുക്കാതെ പോയവർ ആരൊക്കെ;

(ഡി) സംഭവം സംബന്ധിച്ച് മുഖ്യമന്ത്രിയ്ക്കോ, ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്കോ, ഡി.ജി.പി.യ്ക്കോ പരാതികൾ ലഭിക്കുകയുണ്ടായോ; ആരിൽനിന്നെല്ലാം പരാതികൾ ലഭിക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ജംഗിള്‍ ട്രെയിനിംഗ്</u>

228

ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് സേനയില്‍ ഉളള ഏതെല്ലാം വിഭാഗങ്ങള്‍ക്ക് ഏതെല്ലാം നിലയിലുളള ട്രെയിനിംഗ് ഇപ്പോള്‍ നല്കി വരുന്നുണ്ട്; വിശദമാക്കാമോ;

(ബി) വനത്തിലെ ഒളിപ്പോരാളികളെയും മറ്റും നേരിടുന്നതിനു വേണ്ടിയുളള ജംഗിള്‍ ട്രെയിനിംഗ് ഈയടുത്ത കാലത്ത് പോലീസിന് നല്കുകയുണ്ടായോ; എങ്കില്‍ ഏതെല്ലാം സ്ഥലത്തുവെച്ച്, ഏതെല്ലാം തീയതികളില്‍;

(സി) ഈ ട്രെയിനിംഗ് പുനരാരംഭിച്ചത് എന്ന് മുതലാണ്; കുളത്തുപ്പുഴ വനത്തില്‍ വെച്ച് ജംഗിള്‍ ട്രെയിനിംഗ് നടക്കുകയുണ്ടായോ; ഇവിടെ ഒളിപ്പോര് അഭ്യസിച്ച ഏതെങ്കിലും കോണ്‍സ്റ്റബിള്‍ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥയ്ക്കു നേരെ തോക്ക് ചൂണ്ടുകയുണ്ടായോ;

(ഡി) എങ്കില്‍ ആര്‍ക്ക് നേരെ; ഇതേത്തുടര്‍ന്ന് മുഖ്യമന്ത്രിയ്ക്ക് ലഭിച്ച പരാതി എന്തായിരുന്നു; അതേക്കുറിച്ച് അന്വേഷണം നടത്താന്‍ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അന്വേഷണ റിപ്പോര്‍ട്ട് ലഭിക്കുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ</u>

229 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം വാടകയ്ക്ക് കൊടുത്തു കഴിഞ്ഞാൽ അവ പിന്നീട് ഉടമസ്ഥന് ഒഴിഞ്ഞു കൊടുക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടു നൽകിയാൽ അവിടെ പോലീസ് സ്റ്റേഷനുകൾ പണിയുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ആത്മഹത്യ ചെയ്തവരുടെ എണ്ണം</u>

230 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ത്രീകൾ എത്ര; കുട്ടികൾ എത്ര; വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസംമൂലം ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(ഡി) കുടുംബപ്രശ്നങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(എഫ്) രോഗങ്ങൾ മുലം ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിലെ സ്ത്രീ പീഡനം</u>

231 ശ്രീ. എളമരം കരീം
ശ്രീ. എ. എം. ആരിഫ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരാതികളുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർഭയമായി പരാതികൾ പറയാനും ആർക്കും പോലീസ് സ്റ്റേഷനുകളിൽ എത്താനും കഴിയും എന്ന സ്ഥിതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരാതിക്കാരുടെ മൊബൈൽഫോൺ പിടിച്ചെടുക്കലും പോക്കറ്റിലെ പണം തട്ടിയെടുക്കലും സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയലും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ പോലീസുകാരിൽ നിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ;

(ഡി) പോലീസുകാർക്കെതിരെ ഉണ്ടാകുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കാനും മേൽ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

232 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ഓരോ വർഷത്തേയും പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോവർഷവും സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങൾ ഓരോ വർഷവും എത്രവീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

233 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള എത്ര അതിക്രമക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ, മറ്റ് പീഡനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ വിവിധ അതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെ എണ്ണം പ്രത്യേകമായി ലഭ്യമാക്കാമോ;

(ഡി) ഈ കേസുകളിലെല്ലാമായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുളളവർ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്ക് നേരെയുള്ള അതിക്രമകേസ്സുകൾ</u>

234 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമകേസ്സുകളിൽ അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ

235 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ എത്ര;

(ബി) സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ എത്ര;

(സി) സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

236 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം, കേസ്സുകളുടെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്ററ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണവും ഓരോ ഇനം കേസിനെ സംബന്ധിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(സി) ഇതിൽ ഇതുവരെ ജാമ്യം ലഭ്യമായവരുടെ എണ്ണവും റിമാന്റ് ചെയ്യപ്പെട്ടവരുടെ എണ്ണവും പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനകേസ്സുകളുടെ വിവരം</u>

237

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനകേസ്സുകളാണെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റ് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പോലീസുകാർ പ്രതികളായ സ്ത്രീ പീഡനക്കേസ്സുകൾ</u>

238 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസുകാർ പ്രതികളായ എത്ര സ്ത്രീ പീഡനക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര ബലാത്സംഗക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>രജിസ്റ്റര്‍ ചെയ്ത ലൈംഗിക പീഡനക്കേസ്സുകളുടെ എണ്ണം</u>

239 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഇതുവരെ രജിസ്റ്റര്‍ ചെയ്ത ലൈംഗിക പീഡനക്കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതില്‍ എത്ര കേസ്സുകളില്‍ അന്വേഷണം പൂര്‍ത്തിയായി എന്ന് വ്യക്തമാക്കാമോ ;

(സി) ഇതില്‍ എത്ര കേസ്സുകള്‍ കോടതിയില്‍ എത്തിച്ച് വിചാരണ പൂര്‍ത്തിയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവര്‍ എത്ര; വെറുതേ വിട്ടവര്‍ എത്ര;

(ഇ) ഇനിയും പിടികൂടാനുള്ള പ്രതികളെത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനക്കേസ്സുകളുടെ വിവരം</u>

240 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര സ്ത്രീപീഡനക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ബലാത്സംഗം, തട്ടിക്കൊണ്ടുപോകല്‍, സ്ത്രീധനപീഡനം, ഗാര്‍ഹികപീഡനം, ലൈംഗികാതിക്രമം എന്നിവ സംബന്ധിച്ച് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) എത്ര പ്രകൃതിവിരുദ്ധപീഡനക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>സ്ത്രീധനപീഡനം സംബന്ധിച്ച കേസ്സുകൾ</u>

241 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സ്ത്രീധനപീഡനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സ്ത്രീധനത്തിന്റെ പേരിൽ ജീവൻ അപഹരിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ സ്ത്രീധന മരണം റിപ്പോർട്ട് ചെയ്തത് ഏതു ജില്ലയിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ</u>

242 ശ്രീ. പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണു കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ നടപടി</u>

243 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ലൈംഗികാതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെയും പെൺകുട്ടികളുടെയും എണ്ണം</u>

244 ശ്രീ.കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ലൈംഗികാതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും കുട്ടികളുടെയും എണ്ണം പ്രത്യേകം ലഭ്യമാക്കുക;

(ബി) ഈ കേസ്സുകളിൽ ഇനിയും അന്വേഷണം പൂർത്തിയാകാത്തവ എത്രയെന്ന് വ്യക്തമാക്കാമോ; അന്വേഷണത്തിന്റെ ഭാഗമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്ര;

(സി) വിചാരണ പൂർത്തിയായ കേസ്സുകൾ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ</u>

245 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കണക്ക് ജില്ലതിരിച്ചു ലഭ്യമാക്കുമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും, ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും, വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണവും എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്വന്തം വീടുകളിൽ ബന്ധുക്കൾ പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ</u>

246 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബന്ധുക്കൾ പെൺകുട്ടികളെ പീഡിപ്പിച്ച എത്ര കേസുകളാണ് ഇപ്പോൾ നിലവിലുള്ളത്; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം കേസ്സുകളിൽ ഇതിനകം എത്ര പേർ ശിക്ഷാനടപടികൾക്ക് വിധേയരാക്കപ്പെട്ടിട്ടുണ്ട്;

(സി) സ്വന്തം വീടുകളിൽ ബന്ധുക്കൾ പെൺകുട്ടികളെ പീഡിപ്പിക്കുന്നത് തടയുന്നതിന് എന്തെല്ലാം നിയമ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കുട്ടികളെ തട്ടിക്കൊണ്ടു പോകൽ</u>

247 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റു ചെയ്തു ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) കുട്ടികളെ ലൈംഗികമായി പീഢിപ്പിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റു ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) എത്ര കുട്ടികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; ലൈംഗിക പീഡനത്തെ തുടർന്ന് എത്ര കുട്ടികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) തട്ടിക്കൊണ്ടു പോയ കുട്ടികളിൽ എത്ര പേരെ ഇനിയും കണ്ടെത്താനുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പിഞ്ചു കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസ്സുകൾ</u>

248 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിഞ്ചു കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയായതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

249 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുട്ടികൾക്കെതിരെ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടേയും ഇനിയും അറസ്റ്റ് ചെയ്യാപ്പെടാനുള്ളവരുടേയും എണ്ണം ലഭ്യമാക്കാമോ;

(ഡി) അന്വേഷണം പൂർത്തിയായ കേസ്സുകൾ എത്ര; കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര; വ്യക്തമാക്കുമോ;

(ഇ) വിചാരണ പൂർത്തിയായ കേസ്സുകളെത്ര; ശിക്ഷിക്കപ്പെട്ടവർ എത്ര; വെറുതെ വിട്ടവർ എത്ര;

(എഫ്) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ</u>

250

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാനത്തെ വീടുകളിലും വിദ്യാലയങ്ങളിലും കുട്ടികൾ പീഡനത്തിനിരയായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പത്തു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് പീഡനമേറ്റ എത്ര സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമക്കേസ്സുകൾ</u>

251

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ കുട്ടികൾക്കെതിരെയുള്ള എത്ര ലൈംഗികാതിക്രമക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ അന്വേഷണം പൂർത്തിയായ കേസ്സുകളുടെ എണ്ണം എത്ര;

(സി) ഇതിൽ വിചാരണ പൂർത്തിയായി വിധി പറഞ്ഞ കേസ്സുകൾ എത്ര;

(ഡി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വെറുതെ വിട്ടവരുടെ എണ്ണം എത്ര;

(ഇ) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് പിടികൂടാനുള്ള പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>യുവതിയെ പൂവാലന്മാർ ശല്യം ചെയ്ത സംഭവം</u>

252 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കറിജംഗ്ഷനിലെ തട്ടുകടയിൽ രാത്രി സമയം കുടുംബസമേതം ഭക്ഷണം കഴിക്കുകയായിരുന്ന യുവതിയെ സർക്കാർ വാഹനത്തിലെത്തിയ പൂവാലന്മാർ ശല്യം ചെയ്തത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വാഹനം സർക്കാരിന്റെ ഏത് ഉദ്യോഗസ്ഥൻ ഉപയോഗിച്ചുവരുന്നതാണ്; രാത്രി സമയം അദ്ദേഹത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം എന്തായിരുന്നു;

(സി) സർക്കാർ വാഹനത്തിന്റെ നമ്പർ, ഓടിച്ച ഡ്രൈവറുടെ പേര്, ഔദ്യോഗിക ആവശ്യം എന്നിവ വിശദമാക്കാമോ; കാറിൽ ഉദ്യോഗസ്ഥനല്ലാതെ മറ്റാരെല്ലാം ഉണ്ടായിരുന്നു; വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് പോലീസ് കേസെടുത്തിരിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>തലസ്ഥാന നഗരിയിൽ യുവതിയെ അപമാനിച്ച സംഭവം</u>

253 ശ്രീ. ജി. സുധാകരൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. സാജു പോൾ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽപ്പോലും സ്ത്രീകൾക്ക് സ്വതന്ത്രമായി നടക്കാൻ പറ്റാത്ത നിലയിൽ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹ്യവിരുദ്ധ പ്രവർത്തിയിലേർപ്പെട്ടവരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അസഭ്യം പറഞ്ഞ് അപമര്യാദയായി പെരുമാറിയവരെ തെരുവിൽ നേരിടാൻ നിർബന്ധിപ്പിക്കപ്പെട്ട അമൃത എന്ന കോളേജ് വിദ്യാർത്ഥിനിക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം;

(ഡി അമൃതയെ അസഭ്യം പറഞ്ഞ് പീഡിപ്പിച്ച ഐ.ടി. അറ്റ് സ്കൂൾ ഡയറക്ടറുടെ വാഹനത്തിലുണ്ടായിരുന്നവർ ആരൊക്കെയായിരുന്നു;

(ഇ) ഏത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടായിരുന്നു അമൃതയെ അസഭ്യം പറഞ്ഞവർ സർക്കാർ വാഹനവുമായി രാത്രി സംഭവസ്ഥലത്തെത്തിയതെന്ന് പോലീസിന് അറിയാമോ; സംഘത്തിൽ എത്രപേർ ഉണ്ടായിരുന്നു; അവർ ആരൊക്കെ;

(എഫ്) രാത്രിസമയത്ത് സ്ത്രീയോട് അപമര്യാദയായി പെരുമാറിയവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>യാത്രയ്ക്കിടയിൽ പീഡിപ്പിക്കപ്പെട്ടവരുടെ വിവരം</u>

254 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ട്രെയിൻ യാത്രയ്ക്കിടയിൽ എത്രപേർ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്; കൊല ചെയ്യപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്ത് ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബസ് യാത്രയ്ക്കിടയിൽ എത്ര പേർ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്; കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## <u>രാഷ്ട്രീയ പ്രവർത്തകരുടെ കൊലപാതകം</u>

255

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാഷ്ട്രീയ പ്രവർത്തകർ കൊല ചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ; ആരൊക്കെ;

(ബി) ഓരോ കേസ്സിന്റേയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര;

(ഇ) ഇതിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കൊലപാതകങ്ങൾ</u>

256 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നെന്നും കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും വിശദമാക്കാമോ;

(സി) ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട കേസുകൾ

257 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ ഇനിയും പിടികൂടാനുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; ഈ കേസ്സുകളിൽ അറസ്റ്റു ചെയ്യപ്പെടേണ്ടവർ എത്ര; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ</u>

258 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്ര പേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസ് സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കൊലപാതക കേസ്സുകൾ സംബന്ധിച്ച വിവരം</u>

259 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; കൊലചെയ്യപ്പെട്ട സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; കുട്ടികൾ എത്ര;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കേസ്സുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്;

(ഇ) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(എഫ്) എത്ര കേസ്സുകളിൽ അന്വേഷണം സി.ബി.ഐ യ്ക്ക് വിടുകയുണ്ടായി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും വിവരം</u>

260 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ നടന്ന വിവിധ അതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടേയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും കുട്ടികളുടേയും എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) ഇത്തരം കേസ്സുകളിൽ അന്വേഷണം പൂർത്തിയായവയുടേയും വിചാരണ പൂർത്തായായവയുടേയും എണ്ണം വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ; ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അരുൺവിക്രമനെ ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസ്</u>

261 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 സെപ്തംബർ 27-ാം തീയതി നേമം നിയോജകമണ്ഡലത്തിലെ സത്യൻ നഗറിൽ അരുൺവിക്രമനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ എല്ലാ പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രതികളെ നാളിതുവരെ പോലീസ് അറസ്റ്റു ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കന്യാസ്ത്രീയുടെ ദുരൂഹമരണം</u>

262 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ മുല്ലൂർ സ്കൂൾ കോമ്പൗണ്ടിലെ സെപ്റ്റിക് ടാങ്കിൽ മരിച്ചു കിടന്ന കന്യാസ്ത്രീയുടെ ദുരുഹമരണത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## ഡി. വൈ. എഫ്. ഐ. പ്രവർത്തകൻ മരണപ്പെട്ട സംഭവം

263

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ അയനിക്കാടുള്ള ഡി. വൈ. എഫ്. ഐ. പ്രവർത്തകൻ സനൽരാജ് ആർ. എസ്. എസ്. ന്റെയും മനോജ് വധക്കേസിൽ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരുടെയും ശാരീരിക - മാനസിക പീഡനത്താൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മനോജ് മരണപ്പെട്ടതിനു ശേഷം പയ്യോളിയിൽ ആർ. എസ്. എസ്. നേതൃത്വത്തിൽ അരങ്ങേറിയ അക്രമ സംഭവങ്ങളെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഈ സംഭവങ്ങളിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാം; വ്യക്തമാക്കാമോ;

(സി) കേസ്സന്വേഷണ സമയത്ത് "നിന്നെയും നിന്റെ പാർട്ടിയെയും ഞങ്ങൾ ഇല്ലാതാക്കു"മെന്ന് പോലീസ് ഭീഷണിപ്പെടുത്തിയതായി മരണപ്പെട്ട സനൽരാജ് സുഹൃത്തുക്കളോട് വെളിപ്പെടുത്തിയത് സംബന്ധിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മനോജ് വധക്കേസിൽ പുനരന്വേഷണത്തിനായി ചുമതലപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) സനൽരാജ് മരണപ്പെട്ടത് പോലീസിന്റെയും ആർ. എസ്. എസ് ന്റെയും മാനസിക പീഡനത്താലാണ് എന്നും മരണത്തിൽ ദുരൂഹതയുണ്ട് എന്നും സനൽരാജിന്റെ അച്ഛനും സുഹൃത്തുക്കളും വെളിപ്പെടുത്തിയ സാഹചര്യത്തിൽ സംഭവത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വാളകം സ്കൂളിലെ അദ്ധ്യാപകനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം</u>

264 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വാളകം സ്കൂളിലെ അദ്ധ്യാപകനെ കൊലപ്പെടുത്താൻ ശ്രമിച്ച കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ</u>

265 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പരാതി വാങ്ങിയതിനുശേഷം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സാധിക്കില്ല എന്നറിയിച്ച കേസ്സുകളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങളിൽ അറസ്റ്റുചെയ്യപ്പെട്ടവരുടെ വിവരം</u>

266 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ റിപ്പോർട്ട് ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളിൽ പ്രതികളായിട്ടുളളവരുടെ എണ്ണമെത്ര;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടേയും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുളളവരുടേയും എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

## പോലീസ് ലാത്തിച്ചാർജ്ജ്

267

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പൊതുനിരത്തിൽ പ്രകടനം</u>

268 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടിപ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മണൽ മാഫിയയ്ക്കെതിരായ കേസ്സുകൾ</u>

269 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ മണൽമാഫിയ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ മണൽമാഫിയയുടെ ആക്രമണത്തിന് വിധേയരായ പൊതുജനങ്ങളുടേയും വിവിധ വകുപ്പുകളിലെ ജീവനക്കാരുടേയും എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

**ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പ്രവർത്തകർക്കെതിരായുള്ള കേസ്സുകൾ**

270 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇന്നു വരെ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; ഇതിൽ പ്രതികളായവർ എത്ര; ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

കേസ് അന്വേഷണത്തിന് നിയമ വിരുദ്ധ മാർഗ്ഗങ്ങൾ

271 ശ്രീ. കെ. കെ. നാരായണൻ
,, പി. റ്റി. എ. റഹീം
,, പ്രൊഫ. സി. രവീന്ദ്രനാഥ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിലെ അന്വേഷണ ഉദ്യോഗസ്ഥന്മാർ കേസ് അന്വേഷണത്തിനായി നിയമ വിരുദ്ധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം നടപടികൾ സ്വീകരിക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെട്ട ആളിൽ നിന്ന് പോലീസ് നിയമവിരുദ്ധമായി പ്രവർത്തിച്ചത് സംബന്ധിച്ച പരാതികൾ ഉണ്ടായിട്ടുണ്ടോ; കോടതികളിൽ ലഭിച്ച ഇത്തരം പരാതികളെ കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>നിരപരാധികളെ കേസ്സിൽ കുടുക്കുന്ന സംഭവങ്ങൾക്കെതിരെ നടപടി</u>

272

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊലപാതകം ഉൾപ്പെടെയുളള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ അശ്രദ്ധയും, ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിരപരാധികളായ ചിലരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസിൽ കുടുക്കുകയും പിന്നീട് കോടതി അവരെ നിരപരാധികൾ ആണെന്ന് പറഞ്ഞ് വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലിസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ ഇന്നുണ്ടോ;

(ഇ) ഇത് മോണിറ്റർ ചെയ്യുവാനുളള എന്തെല്ലാം സംവിധാനങ്ങളാണ് പോലീസ് വകുപ്പിലുള്ളത്;

(എഫ്) ഇത് സംബന്ധിച്ച നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ജി) കഴിഞ്ഞ 2 വർഷത്തിനുളളിൽ പ്രോസിക്യൂഷന്റെ അനാസ്ഥയും കാര്യശേഷിയുടെ കുറവും ഒത്തുകളിയും കാരണം എത്ര കൊലക്കേസ് പ്രതികളെ വെറുതെവിട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ആയുധ ലൈസൻസുകൾ പുതുക്കുന്നതിലുള്ള കാലതാമസം</u>

273

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുധ ലൈസൻസുകൾ പുതുക്കുന്നതിലുള്ള കാലതാമസവും അനിശ്ചിതത്വവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ലൈസൻസുകൾ പുതുക്കുന്നതിനും പുതിയവ ലഭിക്കുന്നതിനും അപേക്ഷിച്ചിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള അപേക്ഷകൾ എത്ര ദിവസത്തിനകം തിർപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

**സർക്കാർജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിനെത്തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സുകൾ**

274 ശ്രീ.എസ്.രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിനെത്തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഇനിയും പിൻവലിക്കാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇപ്പോഴും സസ്പെൻഷനിലോ മറ്റേതെങ്കിലും ശിക്ഷാനടപടികളിലോ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

പോലീസ് സ്റ്റേഷനുകളിൽ വനിതാ സേനാംഗങ്ങളുടെ നിയമനം

275 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം നിലവിൽ ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ അവരുടെ സേവനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ വനിതാ പൊലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; ശേഷിക്കുന്ന സ്റ്റേഷനുകളിൽകൂടി വനിതാ സേനാംഗങ്ങളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം</u>

276 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ നിലവിൽ എത്ര അംഗങ്ങൾ ഉണ്ട് ; അതിൽ വനിതകളായ സേനാംഗങ്ങൾ എത്ര ; സേനയിൽ എത്ര ശതമാനം വനിതാ പ്രാതിനിധ്യം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുമോ; അതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വനിതാ പോലീസ് സബ് ഇൻസ്പെക്ടർമാരുടെ നിയമനം</u>

277

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ സബ് ഇൻസ്പെക്ടർമാർക്ക് വനിതാ പോലീസ് സ്റ്റേഷനുകളുടെ അല്ലാതെ ഇതര പോലീസ് സ്റ്റേഷനുകളുടെ പൂർണ്ണ ചുമതല ഏൽപ്പിച്ച് നിയമനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) നിയമനം നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വനിതാ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ പ്രൊമോഷൻ</u>

278 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1990 - 91 കാലയളവിൽ പ്രമോഷൻ ലഭിച്ച വനിതാ ഡെപ്യൂട്ടി സൂപ്രണ്ടുമാരെ വനിതാ സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ നിയമിച്ചിരുന്നോ;

(ബി) പ്രസ്തുത തസ്തിക ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വനിതാ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് - നെ വനിതാ സൂപ്രണ്ട് ഓഫ് പോലീസ് ആയി പ്രമോഷൻ നൽകുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## പോലീസുകാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

279 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ പോലീസുകാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സ്പെഷ്യൽ ഓർഡർ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച 12.8.2005 ലെ ജി.ഒ (എം.എസ്) 240/2005/ഹോം. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസുകാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിനെ അടിസ്ഥാനമാക്കി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി അന്തർജില്ലാ സ്ഥലംമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ് കോഴ്സ്</u>
<u>തുടങ്ങാൻ നടപടി</u>

280 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ പരിശീലനത്തിൽ ക്രിമിനോളജി & ഫോറൻസിക് സയൻസ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ സർവ്വകലാശാലകളിലും ക്രിമിനോളജി & ഫോറൻസിക് സയൻസിൽ ബിരുദ - ബിരുദാനന്തര കോഴ്സുകൾ തുടങ്ങുവാൻ മുൻകൈ എടുക്കുമോ;

(സി) പോലീസ് അക്കാഡമിയിൽ ക്രിമിനോളജി & ഫോറൻസിക് സയൻസ് കോഴ്സ് തുടങ്ങുന്നതിനു വേണ്ടി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ നിയോജകമണ്ഡലം തലത്തിലുള്ള ആസ്ഥാനം</u>

281 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലം അധികാരപരിധിയാക്കി പോലീസ് സേനയുടെ നിയോജകമണ്ഡലം തലത്തിലുള്ള ഒരു ആസ്ഥാനമുണ്ടാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഓരോ മണ്ഡലത്തിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പോലീസിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ ഓരോ ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി കൃത്യമായും രണ്ടോ അതിലധികമോ പഞ്ചായത്തുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും മണ്ഡലത്തിന് പുറത്തുള്ള പഞ്ചായത്തുകളെ ഒഴിവാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.03.2013–ലെ മറുപടിക്ക്**

<u>ജില്ലാ ആംഡ് റിസർവ്വ് – അസിസ്റ്റന്റ് കമാൻഡന്റുമാരുടെ തസ്തികകൾ</u>

282 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ് വിഭാഗത്തിൽ അസിസ്റ്റൻഡ് കമാൻഡന്റുമാരുടെ എത്ര തസ്തികകൾ ഇപ്പോൾ ഒഴിവായി കിടക്കുന്നുണ്ട്;

(ബി) ഈ ഒഴിവുകൾ ഏതൊക്കെ ജില്ലാ ആംഡ് റിസർവിലാണെന്നും ആയത് എന്ന് മുതലാണ് ഒഴിവായി കിടക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ജില്ലാ ആംഡ് റിസർവിലെ എത്ര അസിസ്റ്റന്റ് കമാൻഡന്റുമാർ ഇപ്പോൾ വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ് – ൽ നിൽക്കുന്നുണ്ടെന്നും ആയത് എന്ന് മുതലാണെന്നും വ്യക്തമാക്കാമോ;

(ഡി) ജില്ലാ ആംഡ് റിസർവിലെ ഒഴിവായി കിടക്കുന്ന അസിസ്റ്റന്റ് കമാൻഡന്റുമാരുടെ തസ്തികയിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

മോട്ടോർ ട്രാൻസ്പോർട്ട് വിംഗിലെ തസ്തികകൾ

283

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ 1975-ന് ശേഷം വ്യത്യസ്ത വിഭാഗങ്ങളിലായി ഏതെല്ലാം തലത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആയതിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ (എം.റ്റി. വിംഗിൽ) മാത്രം ഓരോ തലത്തിലും എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പോലീസ് സേന മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിൽ എല്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള കണക്ക് എത്രയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി പോലീസ് സ്റ്റേഷന്‍ വിഭജനം</u>

284 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ പോലീസ് സ്റ്റേഷനായ പട്ടാമ്പി പോലീസ് സ്റ്റേഷന്‍ വിഭജിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊപ്പം ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കാർഷിക സർവ്വകലാശാല ഡ്രൈവർക്കെതിരെയുള്ള കേസ്</u>

285 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ ജോലിചെയ്തുവന്നിരുന്ന എൽ.ഡി.വി. ഡ്രൈവർ അബ്ദുൾ റഹിമാൻ സർവ്വകലാശാലയുടെ വെള്ളാനിക്കര ക്വാർട്ടേഴ്സിൽ തമാസിച്ചുവരവേ സമീപത്തുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചത് സംബന്ധിച്ച് മണ്ണൂത്തി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വകലാശാല ഉത്തരവ് ജി.എ/എൽ3/33018/12 തീയതി 27/12/2012 പ്രകാരം സസ്പെൻഷനിലായ പ്രസ്തുത ഡ്രൈവർക്കെതിരെയുള്ള പോലീസ് അന്വേഷണത്തിന്റേയും തുടർനടപടിയുടെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, അന്വേഷണം ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പോലീസുകാരുടെ സ്ഥലം മാറ്റം</u>

286 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ നാളിതുവരെ എസ്.എ.പി യിൽ നിന്നും തിരുവനന്തപുരം സിറ്റി എ.ആർ ലേക്ക് എത്ര ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്; ആയതിന് ആനുപാതികമായി എത്ര ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്;

(ബി) സ്ഥലംമാറ്റം അനുവദിച്ചിട്ടും സിറ്റി എ. ആർ ൽ ജോയിൻ ചെയ്യാത്ത എത്ര ജീവനക്കാരുണ്ട്; അവരുടെ പേരും നമ്പരും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഉത്തരവ് ലഭിച്ചിട്ടും സിറ്റി എ. ആർ ൽ ജോയിൻ ചെയ്യാതെ വർക്കിംഗ് അറേഞ്ച്മെന്റിലോ/ഡെപ്യൂട്ടേഷനിലോ തുടരുന്ന പോലീസുകാരുടെ പേരും നമ്പരും, മാതൃയൂണിറ്റിന്റെയും നിലവിൽ സേവനമനുഷ്ഠിക്കുന്ന യൂണിറ്റിന്റേയും വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി/പട്ടികവര്‍ഗ്ഗവിഭാഗങ്ങളില്‍പ്പെട്ടവര്‍ക്കെതിരെ നടന്ന ആക്രമണ കേസ്സുകള്‍</u>

287 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പട്ടികജാതി/പട്ടികവര്‍ഗ്ഗവിഭാഗങ്ങളില്‍പ്പെട്ടവര്‍ക്കെതിരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇവയില്‍ അന്വേഷണം പൂര്‍ത്തിയായി കോടതിയില്‍ കുറ്റപത്രം സമര്‍പ്പിച്ച കേസ്സുകള്‍ എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഇനിയും പ്രതികളെ പിടികൂടാനുള്ള കേസ്സുകള്‍ എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പട്ടിക വര്‍ഗ്ഗക്കാര്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍</u>

288 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടിക വര്‍ഗ്ഗക്കാര്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയില്‍ കഴിഞ്ഞ മൂന്ന് വര്‍ഷങ്ങളിലായി ഇത്തരത്തിലുള്ള എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; ആയതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പട്ടിക വര്‍ഗ്ഗക്കാര്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍ തടയുന്നതിന്റെ ഭാഗമായി വയനാട്ടില്‍ ആരംഭിച്ച കോടതിയുടെ പ്രവര്‍ത്തനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമ കേസ്സുകൾ</u>

289

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണെന്ന് ജില്ല തിരിച്ച് കണക്കുകൾ വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയുണ്ടായി; കൊല ചെയ്യപ്പെട്ടവർ എത്ര ;

(സി) ഈ കാലയളവിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആത്മഹത്യ ചെയ്യുകയുണ്ടായി; ഇതിൽ സ്ത്രീകൾ എത്ര;

(ഡി) ഈ കാലയളവിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ</u>

290 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പട്ടികജാതി വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പട്ടികജാതി– പട്ടികവർഗ്ഗ സ്ത്രീപീഡന കേസ്സുകൾ</u>

291 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതിയിൽപ്പെട്ട സ്ത്രീകളും പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളും പീഡനത്തിന് വിധേയരായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസ്സുകൾ എത്ര;

(സി) വിചാരണ പൂർത്തിയാക്കിയ കേസ്സുകൾ എത്ര;

(ഡി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പോലീസ് മർദ്ദനം</u>

292 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് പട്ടികജാതി–പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസിൽ നിന്നും മർദ്ദനമേറ്റ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

293 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പട്ടിക ജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര കേസ്സുകളിൽ കോടതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചുവെന്നും വിശദമാക്കാമോ;

(സി) ദേശീയ പട്ടികജാതി കമ്മീഷൻ എത്ര കേസ്സുകളിൽ കേരളപോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും ആയതിൽ എത്രയെണ്ണത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്രയെണ്ണത്തിൽ പോലീസുദ്യോഗസ്ഥർ പ്രതികളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രാസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങള്‍ക്കുള്ള കുറ്റകൃത്യങ്ങള്‍

294 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രാസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങള്‍ക്കുള്ള കുറ്റകൃത്യങ്ങള്‍ എന്തൊക്കെയാണ്;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം അവ ഓരോന്നും എത്ര വീതം ഉണ്ടാവുകയും അവയില്‍ പോലീസ് കേസ് രജിസ്റ്റര്‍ ചെയ്യുകയും ചെയ്തുവെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവില്‍ നടന്ന അതിക്രമങ്ങള്‍ സംബന്ധിച്ച കുറ്റകൃത്യങ്ങളുടെ പേരില്‍ പോലീസ് രജിസ്റ്റര്‍ ചെയ്ത കേസുകളും, അവയില്‍ അന്വേഷണം പൂര്‍ത്തിയാക്കി കുറ്റപത്രം കോടതിയില്‍ സമര്‍പ്പിക്കുകയും ചെയ്തിട്ടുള്ളവയും ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

**ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1989 പ്രകാരം രജിസ്റ്റര്‍ ചെയ്ത കേസുകള്‍**

295 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1989 പ്രകാരം ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ പോലീസ് രജിസ്റ്റര്‍ ചെയ്ത കേസ്സുകള്‍ എത്രയാണ്;

(ബി) ഈ നിയമപ്രകാരം രജിസ്റ്റര്‍ ചെയ്യപ്പെട്ട മൊത്തം കേസുകളില്‍ ഇപ്പോഴും കോടതിയില്‍ കുറ്റപത്രം നല്‍കിയിട്ടില്ലാത്തവ എത്ര;

(സി) മൊത്തം കേസ്സുകളില്‍ അന്വേഷണം പൂര്‍ത്തിയാക്കിയിട്ടില്ലാത്തവ എത്ര; അതില്‍ രണ്ട് വര്‍ഷവും ഒരു വര്‍ഷവും പിന്നിട്ട കേസുകള്‍ എത്ര;

(ഡി) പെന്‍ഡിംഗിലുള്ള മൊത്തം കേസുകളില്‍ എത്രപേരെ ഇനിയും അറസ്റ്റു ചെയ്യുവാന്‍ ഉണ്ട്;

(ഇ) ഇതില്‍ സ്ത്രീകള്‍ക്കും കുട്ടികള്‍ക്കും നേരെ നടന്ന അതിക്രമങ്ങള്‍ എത്ര; കൊലപാതകകേസ്സുകള്‍ എത്ര; സ്ത്രീപീഡനകേസ്സുകള്‍ എത്ര; ബലാത്സംഗ കേസ്സുകള്‍ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് & ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടി

296 ശ്രീ. എ. കെ. ബാലന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെഡ്യൂള്‍ഡ് കാസ്റ്റ്സ് & ഷെഡ്യൂള്‍ഡ് ട്രൈബ്സ് (പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) നിയമം ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കാന്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) ഏറ്റവും ഒടുവില്‍ ഇക്കാര്യങ്ങള്‍ അവലോകനം ചെയ്തത് എപ്പോഴാണ് ; അവലോകനത്തിന്റെ നിഗമനങ്ങള്‍ വെളിപ്പെടുത്താമോ ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതേവരെ പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങളിലുള്ളവര്‍ക്ക് നേരെ നടന്ന പീഡനങ്ങള്‍ ഉള്‍പ്പെടെ ക്രിമിനല്‍ കുറ്റങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ഇ) ആക്ടില്‍ നിരോധിച്ച ഓരോ ക്രിമിനല്‍ കുറ്റവും എത്ര വീതം ഇതിനകം നടക്കുകയുണ്ടായി എന്ന കണക്കുകള്‍ ലഭ്യമാണോ ; വിശദമാക്കാമോ ;

(എഫ്) നിയമാനുസൃതമായ കടമ നിര്‍വ്വഹിക്കാത്തതിന്റെ പേരില്‍ എത്ര ഉദ്യാഗസ്ഥന്മാര്‍ക്കെതിരെ കേസെടുക്കുകയുണ്ടായി; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിയെ ജാതിപ്പേര് വിളിച്ച് കളിയാക്കിയ സംഭവം</u>

297 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാരമെഡിക്കൽ വിഭാഗത്തിലെ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിയെ ജാതിപ്പേരു വിളിച്ച് കളിയാക്കിയ സംഭവം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ 1848/2012 ആയി രജിസ്റ്റർ ചെയ്ത കേസിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന ഉന്നത ഉദ്യോഗസ്ഥയ്ക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന്വിശദമാക്കാമോ;

(സി) ചാർജ്ഷീറ്റ് നൽകാൻ തടസ്സമാകുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ചാർജ്ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ശ്രീകാര്യത്ത് പട്ടികജാതി പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവം</u>

298

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടി പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1345 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

ബി ഈ കേസുമായി ബന്ധപ്പെട്ട മെഡിക്കൽ റിപ്പോർട്ടിന്റേയും ചാർജ്ജ് ഷീറ്റിന്റേയും പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ഷോളയൂരിൽ ആദിവാസി യുവതി പീഡിപ്പിക്കപ്പെട്ട സംഭവം</u>

299

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഷോളയൂരിൽ വിശാലാക്ഷി എന്ന ആദിവാസി യുവതിയെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തി, വനത്തിൽ ഉപേക്ഷിക്കപ്പെട്ട സംഭവം സംബന്ധിച്ച കേസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ;

(സി) സംഭവത്തിനുത്തരവാദികൾ ആരൊക്കെയായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന മോഷണങ്ങൾ/കവർച്ചകൾ/ഭവനഭേദനങ്ങളുടെ വിവരം</u>

300 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മോഷ്ടാക്കളും മോഷണ സംഘങ്ങളും സംസ്ഥാനത്ത് എത്ര മോഷണങ്ങളും കവർച്ചകളും നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര മോഷണവും, കവർച്ചയും, ഭവനഭേദനവും നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഭവനഭേദനം/കവര്‍ച്ച/മോഷണ കേസ്സുകള്‍ സംബന്ധിച്ച വിവരങ്ങള്‍

301

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ എത്ര ഭവനഭേദനങ്ങള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവില്‍ എത്ര മോഷണക്കേസ്സുകളും കവര്‍ച്ചക്കേസ്സുകളും രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഭവനഭേദനം, കവര്‍ച്ച, മോഷണം എന്നിവയ്ക്കിടയില്‍ എത്ര പേര്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട എത്ര പേരെ പിടികൂടിയിട്ടുണ്ടെന്നും എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിൽ നടന്ന കവർച്ച കേസ്സുകൾ</u>

302 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ക്ഷേത്രങ്ങളിലും പള്ളികളിലും മറ്റ് ആരാധാനാലയങ്ങളിലും നടന്ന കവർച്ചകളെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കവർച്ചകളുമായി ബന്ധപ്പെട്ട് പ്രതികളെ അറസ്റ്റു ചെയ്യാൻ കഴിയാത്ത കേസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിലെ മോഷണം</u>

303 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇതുവരെ വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി എന്നും മോഷണവസ്തു തിരികെ ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) മോഷണക്കേസ്സുകളിൽ ഇനിയും പിടികൂടാനുള്ള പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഒറ്റയ്ക്ക് താമസിക്കുന്നവർ മോഷണങ്ങൾക്ക് വിധേയമായ സംഭവങ്ങൾ</u>

304

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ ഒറ്റയ്ക്ക് താമസിക്കുന്നവർ മോഷണങ്ങൾക്ക് വിധേയമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളിൽ എത്ര പ്രതികളെ പിടികൂടിയെന്നും എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) എത്ര കേസ്സുകളിൽ മോഷണ മുതൽ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ</u>

305 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതേ കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവന ഭേദനക്കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മണിചെയിൻ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

306

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മണിചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിലെ പ്രതികളായ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പു നടന്നുവെന്നാണ് സർക്കാർ കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.03.2013–ലെ മറുപടിക്ക്**

<u>പിടിച്ചുപറി-കവര്‍ച്ചക്കേസ്സുകളുടെ വിശദാംശം</u>

307 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര പിടിച്ചുപറിക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തെന്നു വിശദമാക്കുമോ;

(ബി) എത്ര ദേവാലയങ്ങളില്‍ മോഷണം നടന്നിട്ടുണ്ട്; എത്ര ദേവാലയങ്ങള്‍ കവര്‍ച്ച ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) മോഷണം, കവര്‍ച്ച, ഭവനഭേദനം, പിടിച്ചുപറി എന്നിവയ്ക്കിടയില്‍ എത്രപേര്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ചെക്ക് തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി</u>

308 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളിയുടെ ഭർത്താവ് ഗൾഫിൽ നിന്നും തപാൽമാർഗ്ഗം ഭാര്യയ്ക്ക് അയച്ച ചെക്ക് ഫെഡറൽ ബാങ്കിന്റെ കൊല്ലം ശാഖയിൽ മാറി രൂപ തട്ടിയെടുത്ത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) സമാനമായി കടയ്ക്കൽ, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ആരെയെങ്കിലും ഇതുവരെ
അറസ്റ്റു ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തതിൽ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഡി) മുകളിൽ സൂചിപ്പിച്ച കേസുകളിലെ നാളിതുവരെയുള്ള അന്വേഷണ പുരോഗതി ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

അക്രമസ്വഭാവമുള്ള കേസ്സുകൾ

309 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ അക്രമസ്വഭാവമുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർഗ്ഗീയ ചേരിതിരിവുകളുടെ അടിസ്ഥാനത്തിലുണ്ടായ എത്ര അടിപിടി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

വിസ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ

310 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിസ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ക്വട്ടേഷന്‍ സംഘങ്ങള്‍ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ്സുകള്‍</u>

311 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ ക്വട്ടേഷന്‍ സംഘങ്ങള്‍ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളില്‍ എത്ര പേര്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികള്‍ അറസ്റ്റ് ചെയ്യപ്പെടാന്‍ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>അന്വേഷണം പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാക്കി നിൽപ്പുള്ള കേസുകൾ</u>

312 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാക്കിയുള്ള കേസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഒരു മാസം പിന്നിട്ട കേസുകൾ എത്ര; ഒരു മാസത്തിനുള്ളിലുള്ള കേസുകൾ എത്ര; ആറ് മാസം പിന്നിട്ട കേസുകൾ എത്ര; ഒരു വർഷവും അതിലേറെയും പിന്നിട്ട കേസുകൾ എത്ര;

(സി) ഈ കേസുകളിൽ എല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്ര;

(ഡി) അന്വേഷണം പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ട കേസുകൾ എത്ര: ഇനിയും തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളവ എത്ര ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതക കേസ്സുകൾ</u>

313 ശ്രീ. സി .പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുന:പരിശോധിക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇത്തരം കേസുകളിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസുകളുടെ എണ്ണം</u>

314 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതു വരെ നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>നീതിപൂർവ്വമായും ശാസ്ത്രീയമായും കേസ്സുകൾ തെളിയിക്കുന്നതിന് നടപടി</u>

315 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീതിപൂർവ്വമായും ശാസ്ത്രീയമായും കേസ്സുകൾ തെളിയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ ലക്ഷ്യത്തിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കേസ്സുകൾ തെളിയിക്കുന്നതിനും പോലീസിന്റെ പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ആസൂത്രിത കൊലപാതകങ്ങൾക്കെതിരെ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ നടപടി

316 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശയപരമായ ഭിന്നതയുടെ പേരിൽ, എതിരാളികളെ ആസൂത്രിതമായി പരിശീലനം നൽകിയ കൊലയാളികളെക്കൊണ്ട് കൊലചെയ്യുന്ന രീതി അവസാനിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(ബി) അത്തരം കൊലപാതകങ്ങളിലെ യഥാർത്ഥ പ്രതികൾക്ക് സംരക്ഷണം നൽകുകയും, വ്യാജപ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന രീതി ഇവിടെ നിലനിന്നിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് അവസാനിപ്പിക്കുന്നതിന് വ്യവസ്ഥാപിതമായ രീതിയിൽ കേസ് രജിസ്റ്റർ ചെയ്ത് യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ സാക്ഷി പറയാൻ തയ്യാറാവുന്നവരെ ഭീഷണിപ്പെടുത്തിയും മറ്റും പിൻതിരിപ്പിക്കുകയും, മൊഴിമാറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ അടിക്കടി ഉണ്ടാവുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനായി ഈ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അമിതപലിശ ഈടാക്കൽ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ</u>

317 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അമിത പലിശ ഈടാക്കൽ നിരോധന നിയമ പ്രകാരം എടുത്ത കേസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കോടതി റിമാന്റ് ചെയ്ത പ്രതി പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവം</u>

318 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ കോടതി റിമാന്റ് ചെയ്ത പ്രതികൾ പോലീസ് കസ്റ്റഡിയിൽ മരിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ആരാണ് മരിച്ചതെന്നും ഏത് കേസുമായി ബന്ധപ്പെട്ടാണ് റിമാന്റ് ചെയ്തതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>എം. പി. യുടെ പൊതുയോഗത്തിലെ പ്രസംഗത്തിനെതിരെ യുള്ള കേസ്.</u>

319 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ജഡ്ജി അനധികൃത ബാർ ലൈസൻസ് കേസിൽ സാമ്പത്തിക അഴിമതി നടത്തിയതിന് താൻ സാക്ഷിയാണെന്ന് കെ.സുധാകരൻ എം. പി. പൊതുയോഗത്തിൽ പ്രസംഗിച്ചത് സംബന്ധിച്ച് മ്യൂസിയം പോലീസ് റജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസംഗം നടത്തിയ ആളിനെ അറസ്റ്റ് ചെയ്തു ചോദ്യം ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ എവിടെവെച്ച്; അന്വേഷണ ഉദ്യോഗസ്ഥർ ആരാണ്;

(സി) അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് എന്നാണ്;

(ഡി) പൊതുയോഗത്തിൽ പ്രസംഗിക്കുമ്പോൾ പ്രസംഗം കേട്ട എത്ര പേരിൽ നിന്ന് തെളിവുകൾ ശേഖരിച്ചു; ആരുടെയെല്ലാം സാന്നിദ്ധ്യത്തിൽ എത്ര കേൾവിക്കാരെ മുൻനിർത്തിയാണ് പ്രസംഗം നടത്തിയത്; ഏതെല്ലാം ചാനലുകളും പത്രങ്ങളും പ്രസംഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ജനമൈത്രി പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി</u>

320

ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി കാര്യക്ഷമമമായി നടപ്പാക്കുന്നതിന് പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇവ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ക്രമസമാധാനത്തിൽ ആദിവാസികൾക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ട്രൈബൽ സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

321 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമലംഘനത്തെ തുടർന്ന് എത്ര പേർക്ക് പിഴചുമത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ ഈ കാലയളവിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ട്രാഫിക് നിയമലംഘന കേസ്സുകൾ

322 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമം ലംഘിച്ചു ഇരുചക്രവാഹനം ഓടിച്ചതിനു 2012 ജനുവരി മുതൽ ഡിസംബർ വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ഇത്തരം നിയമലംഘകരിൽ നിന്ന് പിഴയായി ഈ കാലയളവിൽ ഈടാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) കാസർകോട് ജില്ലയിൽ ഈ ഇനത്തിൽ ഈടാക്കിയ തുകയുടെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ നൽകാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഹെൽമെറ്റ് പൊട്ടിത്തെറിച്ച് പരിക്ക്</u>

323 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഒല്ലൂരിൽ ഹെൽമെറ്റ് പൊട്ടിത്തെറിച്ച് ഇരുചക്രവാഹന യാത്രക്കാരന് ഗുരുതര പരിക്ക് പറ്റിയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ;

(സി) പൊട്ടിത്തെറിച്ച ഹെൽമെറ്റ് ഐ.എസ്.ഐ മുദ്രയുള്ളതായിരുന്നോ എന്ന കാര്യം പരിശോധിക്കാനും, അതു സംബന്ധിച്ച വിവരം മഹസ്സറിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകുമോ;

(ഡി) വാഹന പരിശോധനകളിൽ ഹെൽമെറ്റ് ധരിക്കുന്നുണ്ടോ എന്ന കാര്യത്തോടൊപ്പം ഉപയോഗിക്കുന്ന ഹെൽമറ്റുകൾ സുരക്ഷ നൽകുവാൻ പര്യാപ്തമാണോ എന്നു കൂടി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

റിപ്പോർട്ട് ചെയ്ത റോഡപകടങ്ങൾ

324 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010–11, 2011–12, 2012–13 ൽ നാളിതുവരെ എത്ര റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ റോഡപകടങ്ങളെത്തുടർന്ന് മരണപ്പെട്ടവരുടേയും പരിക്ക് പറ്റിയവരുടേയും കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനുള്ള നടപടി</u>

325

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ 2011 മെയ് മാസം മുതൽ ഇതേവരെ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; വാഹന അപകടങ്ങളിൽപ്പെട്ട് എത്ര പേർ ഈ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട്;

(ബി) വാഹന അപകടങ്ങൾ അടിക്കടി ഉണ്ടാകുന്നതു കണക്കിലെടുത്ത് ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് പോലീസിനു നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

എ. സി. റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

326 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിൽ 2011 മുതൽ 2013 വരെ വാഹനാപകടങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് ; പരിക്ക് പറ്റിയിട്ടുള്ളവർ എത്ര ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ വീതികുറഞ്ഞ പാലങ്ങൾ നിമിത്തം എ. സി. റോഡിൽ എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) എ. സി. റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഓൺലൈൻ വഴിയുള്ള തട്ടിപ്പ് കേസ്സുകൾ

327 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>ഫേസ്ബുക്ക്–ഇന്റർനെറ്റ് ദുരുപയോഗവുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

328 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഫേസ്ബുക്കിലെ വ്യാജപ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ എത്രകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട</u>
<u>കേസുകൾ</u>

329 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ശൗര്യചക്ര പി.വി.മനേഷിനെ അപമാനിച്ച സംഭവം</u>

330 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബൈ ആക്രമണത്തിനെതിരെ നടത്തിയ സൈനിക നടപടിയിൽ പങ്കെടുത്ത് ഒരു വശം തളർന്നു ചികിത്സയിലിരിക്കുന്ന ശൗര്യചക്ര പി.വി. മനേഷിനെ വളപട്ടണം എസ്.ഐ. ജയൻ സ്റ്റേഷനിൽ വിളിച്ചുവരുത്തി അപമാനിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീ. പി.വി.മനേഷ് ആഭ്യന്തരമന്ത്രി, ഉന്നത പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് നൽകിയ പരാതിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ മാതൃകാപരമായ കർശന നടപടി സ്വീകരിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കൊടുവള്ളി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക്
മാറ്റുന്നതിന് നടപടി</u>

331 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷന് വേണ്ടി പണിതിട്ടുള്ള പുതിയ കെട്ടിടം പണി പൂർത്തിയായി വളരെ കാലമായിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊടുവള്ളി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പുതിയ പോലീസ് സ്റ്റേഷനുകൾ</u>

332 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങാൻ ഗവൺമെന്റിന് ശുപാർശ ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ശുപാർശയിന്മേൽ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ ;

(സി) വാളകം ആസ്ഥാനമാക്കി പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് സൗജന്യമായി ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് ഭൂമി ലഭ്യമാക്കാമെന്ന വിവരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ ക്രമസമാധാന പ്രശ്നം

333

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ക്രമസമാധാന പ്രശ്നം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന മുസ്ലീംലീഗ് അദ്ധ്യക്ഷന് കാസർഗോഡിൽ സ്വീകരണം നൽകിയതുമായി ബന്ധപ്പെട്ടുണ്ടായ ആക്രമ സംഭവങ്ങളിലും വെടിവെപ്പിലും എത്ര പേരാണ് മരിച്ചത്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതിൽ എത്ര കേസ്സുകളാണ് സി.ബി.ഐ.ക്ക് വിട്ടിട്ടുള്ളത്;

(ഇ) നിസാർ കമ്മീഷന്റെ അന്വേഷണത്തിന് വിട്ടത് ഏതൊക്കെ കേസ്സുകളായിരുന്നു;

(എഫ്) എത്ര പ്രതികളെയാണ് അറസ്റ്റുചെയ്തിട്ടുള്ളത്;

(ജി) മൊത്തം എത്ര പ്രതികളാണുള്ളത്;

(എച്ച്) പ്രതികളിൽ എത്ര പേർ മുസ്ലീം ലീഗുകാരായുണ്ട്;

(ഐ) 14.12.2012 - ൽ നടന്ന യൂത്ത് ലീഗ് സമ്മേളനത്തോടനുബന്ധിച്ച് ബാറുകൾ അടച്ചിടുന്നതിന് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ മയക്കുമരുന്നു മാഫിയാസംഘങ്ങള്‍</u>

334 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ജില്ലയില്‍ വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ കേന്ദ്രീകരിച്ച് മയക്കുമരുന്നു സംഘങ്ങള്‍ പ്രവര്‍ത്തിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ തീരദേശ ഹൈവേ കേന്ദ്രീകരിച്ച് 'ഹൈവേ സംഘം' എന്നറിയപ്പെടുന്ന മയക്കു മരുന്ന് മാഫിയാ സംഘം സാമൂഹ്യവിരുദ്ധ-അക്രമപ്രവര്‍ത്തനങ്ങള്‍ നടത്തുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജില്ലയിലെ നാര്‍ക്കോട്ടിക് സെല്ലിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിനും മയക്കുമരുന്ന് മാഫിയ സംഘത്തെ നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>നെല്ലിക്കുന്ന് കടപ്പുറത്തെ വര്‍ഗ്ഗീയ സംഘര്‍ഷങ്ങള്‍</u>

335 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷം ജനുവരി- ഫെബ്രുവരി മാസങ്ങളില്‍ കാസര്‍കോട് നെല്ലിക്കുന്ന് കടപ്പുറത്ത് ഉണ്ടായ വര്‍ഗ്ഗീയ സംഘര്‍ഷത്തെ തുടര്‍ന്ന് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; ക്രൈം നമ്പരുകള്‍ വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളില്‍ ഉള്‍പ്പെട്ട പ്രതികളുടെ എണ്ണം ക്രൈം നമ്പരുകള്‍ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളില്‍ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടു ണ്ട, ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം, ക്രൈം നമ്പര്‍ തിരിച്ചു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ചാലക്കുടി എസ്.ഐ.യെ അന്യായമായി സ്ഥലം മാറ്റിയ സംഭവം</u>

336 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ പ്രാദേശിക കോൺഗ്രസ്സ് നേതാവിന്റെ വീട്ടിൽ പതിവായി പണംവച്ച് ചീട്ടുകളി നടത്തുന്നതിനെതിരെ നടപടി സ്വീകരിച്ചതിന്റെ പേരിൽ ചാലക്കുടി എസ്.ഐ. ലാൽ കുമാറിനെ സ്ഥലം മാറ്റിയതു മൂലം വ്യാപകമായ പ്രതിഷേധം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി എസ്.ഐ.യെ അന്യായമായി സ്ഥലം മാറ്റിയത് റദ്ദാക്കി, അദ്ദേഹത്തെ ചാലക്കുടിയിൽ തിരികെ നിയമിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

### കാസർകോട് ജില്ലയിലെ മണൽ മാഫിയ കേസ്സുകൾ

337

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മണൽ ലോറികൾ പിടികൂടിയതുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിൽ എത്ര കേസ്സുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് ;

(സി) പിടിച്ചെടുത്ത വാഹനങ്ങളിൽ എത്രയെണ്ണം വിട്ടുകൊടുത്തിട്ടുണ്ട് ;

(ഡി) ഹൈക്കോടതി വിധിയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുള്ളത് ;

(ഇ) വാഹനങ്ങൾ വിട്ടുകൊടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ;

(എഫ്) ആർക്കെങ്കിലുമെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ടോ ;

(ജി) ഇക്കാര്യത്തിൽ ഹൈക്കോടതി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി വാഹനങ്ങൾ വിട്ടുകൊടുക്കാൻ ഇടയാവും വിധം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും, സർക്കാരിന് ലഭിക്കേണ്ട തുക വസൂലാക്കാനും നടപടി സ്വീകരിക്കുമോ ;

(എച്ച്) കാസർകോട് ജില്ലയിലെ ക്രമസമാധാന പ്രശ്നങ്ങൾക്ക് മുഖ്യകാരണം മണൽ മാഫിയയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് ശക്തിപ്പെടുത്താൻ നടപടി</u>

338

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയ്ക്കായി നിലവിൽ എത്ര വാഹനങ്ങൾ ഉണ്ട്; പുതിയവ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ;

(ബി) വാഹനങ്ങൾക്കാനുപാതികമായി ഡ്രൈവർ തസ്തികകളും, മറ്റ് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകളും നിലവിലുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പോലീസ് സേനയിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ഡ്രൈവർ, മറ്റ് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കായംകുളം പോലീസ് സ്റ്റേഷന് സമീപം റോഡുകളിലെ ഗതാഗതക്കുരുക്ക്</u>

339 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷന്റെ കിഴക്ക് വശത്ത് കായംകുളം-തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നതിനാൽ കെ.പി. റോഡിലും, കായംകുളം തിരുവല്ലാ റോഡിലും വലിയ ഗതാഗതക്കുരുക്കുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) തിരക്കേറിയ ഈ ഭാഗത്ത് സ്ഥിരമായി ഹെൽമറ്റ് പരിശോധന നടത്തുന്നത് വലിയ അപകടത്തിനു കാരണമാകും എന്നുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അഭിഭാഷകനെ മർദ്ദിച്ച സംഭവം</u>

340 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ പ്രമുഖ അഭിഭാഷകനും കൊയിലാണ്ടി ബാർ അസോസിയേഷൻ മുൻ പ്രസിഡന്റുമായ അഡ്വ. കെ. ടി. ശ്രീനിവാസനെ കൊയിലാണ്ടി എസ്. ഐ. സിജു പൊതുജന മദ്ധ്യത്തിൽ വച്ച് മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തറവാട് വീടിനടുത്ത് ക്ഷേത്രം ഉത്സവത്തിന് കുടുംബസമേതം പോയ അഭിഭാഷകനെ യാതൊരു കാരണവുമില്ലാതെ മർദ്ദിച്ച കൊയിലാണ്ടി എസ്. ഐ. യുടെ നടപടിക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നത് വ്യക്തമാക്കുമോ;

(സി) അഡ്വ. ശ്രീനിവാസനും കൊയിലാണ്ടി ബാർ അസോസിയേഷൻ പ്രസിഡന്റും സംഭവം സംബന്ധിച്ച് വിശദീകരിച്ചുകൊണ്ടും പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ടും പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

അഗ്നിശമന സേനാ വിഭാഗത്തിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികള്‍

341 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വേനല്‍ അതിരൂക്ഷമായ സാഹചര്യത്തില്‍ അഗ്നിശമന സേനാ വിഭാഗത്തിന്റെ ജോലി ഭാരം വളരെയധികം വര്‍ദ്ധിച്ചിട്ടുള്ളതായി ശ്രദ്ധിയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതു പരിഹരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയില്‍ അഗ്നിശമന സ്റ്റേഷനുകളില്‍ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് ഇപ്പോള്‍ നിലവിലുള്ളത്;

(ഡി) ഒഴിവുകള്‍ നികത്താത്തതുമൂലം രക്ഷാ പ്രവര്‍ത്തനം യഥാസമയം നടത്താന്‍ പറ്റാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ആവശ്യത്തിന് വാഹനം, ഇന്ധനം, തീഅണയ്ക്കുന്നതിനാവശ്യമായ ജലം എന്നിവ ലഭ്യമാണോ;

(എഫ്) കാട്ടുതീ പടരുന്നതു തടയുന്നതിന് വനം വകുപ്പുമായി ചേര്‍ന്ന് സംയുക്ത നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>നരിക്കുനി ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം</u>

342 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്താണ്;

(ബി) കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനിയിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി</u>

343 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പഴയങ്ങാടി ആസ്ഥാനമാക്കി ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ</u>

344 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നത്തേക്ക് പട്ടാമ്പിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മന്ത്രിമാർക്ക് എതിരെയുള്ള വിജിലൻസ് കേസ്സുകൾ</u>

345 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്താമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഈ മന്ത്രിസഭയിലെ അംഗമായ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ മന്ത്രിസഭയിലെ അംഗമായ മുഖ്യമന്ത്രി അടക്കമുള്ള ഏതെങ്കിലും മന്ത്രിക്കെതിരെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ഡി) കോടതി ഉത്തരവിനെതുടർന്നാണോ മറ്റേതെങ്കിലും പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണോ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## വിജിലന്‍സ് അന്വേഷണം

346

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം എത്ര മന്ത്രിമാരുടെ പേരില്‍ വിജിലന്‍സ് അന്വേഷണം നടത്താല്‍ വിവിധ വിജിലന്‍സ് കോടതികള്‍ ഉത്തരവിട്ടിട്ടുണ്ട്;

(ബി) അവര്‍ ആരെല്ലാമെന്നും ഓരോ മന്ത്രിമാരുടെയും പേരില്‍ എത്ര വീതം വിജിലന്‍സ് അന്വേഷണം നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(സി) വരവില്‍ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന് സര്‍ക്കാര്‍ സര്‍വ്വീസിലെ എത്ര ഉദ്യോഗസ്ഥര്‍ ഇപ്പോള്‍ വിജിലന്‍സ് അന്വേഷണം നേരിടുന്നു; ഇതില്‍ ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് ഉദ്യോഗസ്ഥര്‍ എത്ര വീതമാണെന്നും ഇവര്‍ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥര്‍ക്കെതിരെയാണ് ഏറ്റവും കൂടുതല്‍ വിജിലന്‍സ് കേസ്സുകള്‍ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## ഭക്ഷ്യവകുപ്പ് മന്ത്രിക്കെതിരെ വിജിലൻസ് അന്വേഷണം

347 ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. രാജു എബ്രഹാം
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തനിക്കെതിരെ തുടർച്ചയായി വിജിലൻസ് കേസ് വരുന്നതിന് പിന്നിൽ ഗൂഢാലോചന ഉണ്ടെന്ന് ഭക്ഷ്യവകുപ്പ് മന്ത്രി പത്ര സമ്മേളനം നടത്തി വെളിപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യവകുപ്പ് മന്ത്രിക്കെതിരെ ഏതെല്ലാം പരാതികളിന്മേലാണ് നിലവിൽ വിജിലൻസ് അന്വേഷണം നടത്താൻ വിജിലൻസ് കോടതി ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിജിലൻസ് അന്വേഷണത്തിനിടയിൽ ഇത്തരത്തിൽ പ്രസ്താവന നടത്തുക വഴി വകുപ്പു മന്ത്രി വിജിലൻസ് കോടതിയേയും, വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാരേയും സമ്മർദ്ദത്തിലാക്കുകയാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) പരാതികളിന്മേൽ സത്യസന്ധമായ അന്വേഷണം ഉറപ്പാക്കാമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വിജിലന്‍സ് കേസ്സുകളുടെ എണ്ണം</u>

348 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് വിജിലന്‍സ് അന്വേഷണത്തിനായി കൈമാറിയ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവില്‍ സര്‍ക്കാര്‍ പിന്‍വലിച്ച വിജിലന്‍സ് കേസ്സുകളുടെ എണ്ണവും കേസ്സ് സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(സി) പിന്‍വലിക്കുന്നതിനായി സര്‍ക്കാരിന്റെ പരിഗണനയിലുള്ള വിജിലന്‍സ് കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) നിലവില്‍ വിജിലന്‍സിന്റെ പരിഗണനയിലുള്ള തീര്‍പ്പാകാത്ത കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം നേരിടുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ വിവരം</u>

349 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ് റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>നിരാക്ഷേപപത്രം നൽകി പിൻവലിച്ച വിജിലൻസ് കേസ്സുകൾ</u>

350 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ കേസ്സുകളാണ് ഇത്തരത്തിൽ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള ഭൂമി ഇടപാട്</u>

351 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് കോട്ടയം വിജിലൻസ് കോടതി അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വിജിലൻസ് റെയ്ഡുകൾ സംബന്ധിച്ച വിവരങ്ങൾ</u>

352 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഇതുവരെ വിജിലൻസ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിലേക്കുള്ള നിയമനങ്ങളുടെ മാനദണ്ഡം</u>

353 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിലേയ്ക്കുള്ള നിയമനങ്ങൾക്ക് മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിജിലൻസ് അന്വേഷണങ്ങളുടെ കാര്യത്തിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതു പരിഹരിക്കുവാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പുതിയ ജയിലുകൾ</u>

354 ശ്രീ. പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ജയിലുകൾ സ്ഥാപിക്കൽ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തരം ജയിലുകൾ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ രൂപം നൽകിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പരോൾ വ്യവസ്ഥകളിൽ ലഘൂകരണം</u>

355 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരുടെ പരോൾ വ്യവസ്ഥകൾ ലഘൂകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിലവിലുള്ള പരോൾ വ്യവസ്ഥകൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

**കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം**

356 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013 മാർച്ച് 9

പി. ഡി. ശാരംഗധരൻ
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]